# പ്രവാസി ഭാരതീയ കാര്യ മന്ത്രാലയം

## മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ യോജന (എം.ജി.പി.എസ്.വൈ.)



**മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ യോജന,** പ്രവാസികളായ ഭാരതീയ തൊഴിലാളികൾക്കായി പ്രവാസി ഭാരതീയ കാര്യ മന്ത്രാലയം (എം.ഒ.ഐ.എ) പ്രഖ്യാപിച്ചിട്ടുള്ള സവിശേഷമായ ഒരു സന്നദ്ധ പദ്ധതിയാണ്.

നിങ്ങൾ വിദേശത്ത് ജോലി ചെയ്യുമ്പോൾ, നിങ്ങളുടെ വരുമാനത്തിന്റെ ഒരു ഭാഗം, നിങ്ങൾ ഭാരതത്തിൽ മടങ്ങിയെത്തുമ്പോൾ നിങ്ങളുടെ പുനരധിവാസത്തിനും നിങ്ങളുടെ വാർദ്ധക്യ കാലത്തിനുമായി സമ്പാദിക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു. എം.ഒ.ഐ.എ അതിന്റെ ബഡ്ജറ്റിൽ നിന്ന് നിങ്ങളുടെ പെൻഷനും പുനരധിവാസത്തിനും വേണ്ടി ഒരു വിഹിതം സംഭാവന ചെയ്യുന്നതാണ്. എല്ലാ എം.ജി.പി.എസ്.വൈ. വരിക്കാർക്കും ലൈഫ് ഇൻഷുറൻസ് പരിരക്ഷയും എം.ഒ.ഐ.എ പ്രദാനം ചെയ്യുന്നതാണ്.

ഈ പദ്ധതിയിൽ ചേരാൻ താല്പര്യപ്പെടുന്ന അർഹരായ തൊഴിലാളികൾ ബന്ധപ്പെട്ട അപേക്ഷാ ഫോമുകളും ഐഡന്റിറ്റി തെളിയിക്കുന്ന പ്രമാണങ്ങളും സമർപ്പിക്കേണ്ടതാണ്.

### അർഹത

1. നിങ്ങൾക്ക് ഒരു ഇ.സി.ആർ. പാസ്സ്പോർട്ടും ഒരു ഇ.സി.ആർ. രാജ്യത്തിലെ സാധുവായ ഒരു വർക്ക് പെർമിറ്റ് അല്ലെങ്കിൽ എംപ്ലോയ്മെന്റ് കോൺട്രാക്ടും ഉണ്ടായിരിക്കണം
2. നിങ്ങളുടെ പ്രായം 18 വയസ്സിനും 50 വയസ്സിനും മദ്ധ്യേ ആയിരിക്കണം.
3. നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം പേരിൽ ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം

### നേട്ടങ്ങൾ

പദ്ധതിയിൽ ചേരുന്ന അർഹരായ പ്രവാസി തൊഴിലാളികൾക്ക് 3 പ്രധാനപ്പെട്ട നേട്ടങ്ങൾ ലഭിക്കുന്നതാണ്:

1. എൻ.പി.എസ്. ലൈറ്റിൽ നിന്ന് ഒരു "പെൻഷൻ" ആനുകൂല്യം
2. യു.ടി.ഐ. എ.എം.സി.യിൽ നിന്ന് മടങ്ങിവരവും പുനരധിവാസവും ("റിട്ടേൺ ആന്റ് റീസെറ്റിൽമെന്റ്" – ആർ&ആർ) സമ്പാദ്യത്തിന്റെ നേട്ടം
3. എൽ.ഐ.സി.യിൽ നിന്ന് ഒരു "ലൈഫ് ഇൻഷുറൻസ്" ആനുകൂല്യം.

### പദ്ധതിയിലെ പങ്കാളി സ്ഥാപനങ്ങൾ

NPS Lite — Aapki Pension Aapke Haath
UTI Mutual Fund
भारतीय जीवन बीमा निगम — LIFE INSURANCE CORPORATION OF INDIA
बैंक ऑफ़ बड़ौदा — Bank of Baroda

| വരിക്കാരൻ | ഒരു വരിക്കാരൻ പ്രതിവർഷം സമ്പാദിക്കേണ്ട കുറഞ്ഞ തുക | ഒരോ വരിക്കാരനുമുള്ള എം.ഒ.ഐ.എ.യുടെ പ്രതിവർഷ സഹ–വിഹിതം | ഒരോ വരിക്കാരനും പ്രതിവർഷമുള്ള മൊത്തം സമ്പാദ്യം |
|---|---|---|---|
| **സ്ത്രീ തൊഴിലാളികൾ** | **5,000രൂപ** | **2,000+900രൂപ** | **7,900രൂപ** |
| **പുരുഷ തൊഴിലാളികൾ** | **5,000രൂപ** | **1,000+900രൂപ** | **6,900രൂപ** |

***എം.ഒ.ഐ.എ.യിൽ നിന്നുള്ള ആനുകൂല്യങ്ങൾ പരമാവധി 5 വർഷം അല്ലെങ്കിൽ നിങ്ങളുടെ പ്രവാസി തൊഴിലിന്റെ കാലാവധി ഇതിലേതാണോ കുറവ് ആ കാലയളവിലേക്ക് പ്രദാനം ചെയ്യുന്നതാണ്.***

*MGPSY നേട്ടങ്ങളെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് അല്ലെങ്കിൽ പദ്ധതിയിൽ ചേരുന്നതിന്, ദയവായി ബാങ്ക് ഓഫ് ബറോഡയുടെ തൊട്ടടുത്ത ശാഖയുമായി ബന്ധപ്പെടുക അല്ലെങ്കിൽ inf.mgpsy@moia.nic.in അല്ലെങ്കിൽ help@iwrc-uae.com എന്ന വിലാസത്തിലേക്ക് ഇമെയിൽ ചെയ്യുക*

ടോൾ ഫ്രീ ഹെൽപ് ലൈനിലേക്ക് വിളിക്കൂ:
**1800 113 090 (India), 80046342 (UAE)**
ഈ വിലാസത്തിലേക്ക് ഇമെയിൽ ചെയ്യുക: inf.mgpsy@moia.nic.in, help@iwrc-uae.com

## മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ യോജന

**നിങ്ങളുടെ എം.ജി.പി.എസ്.വൈ. അക്കൗണ്ട് ഇന്ന് തന്നെ തുറക്കുക!**

**പ്രധാനം: ദയവായി സ്കീമിലേക്ക് ആർക്കും നേരിട്ട് പണം നൽകരുത്.**

© 2012, പ്രവാസി ഭാരതീയ കാര്യ മന്ത്രാലയം